പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T .3923 — 31/01/2014 -ൽ മറുപടിക്ക്

## ഇ-സ്റ്റാമ്പിംഗ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.റ്റി. ബൽറാം<br>ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.എ. വാഹീദ് | ശ്രീ. കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ; | എ) ഇ-സ്റ്റാമ്പിംഗ് പദ്ധതിയിലൂടെ, താഴെ ചേർത്തിരിക്കുന്ന കാര്യങ്ങൾ സാധ്യമാക്കാം.<br>1) വ്യാജ മുദ്രപ്പത്രങ്ങൾ തടയാൻ സാധിക്കും.<br>2) ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർക്കും ഏത് സമയത്തും സ്റ്റാമ്പ് വാങ്ങാവുന്നതാണ്.<br>3) ഇ-സ്റ്റാമ്പിംഗ് മുഖേന തുക ഒടുക്കിയ വിവരം ഓൺലൈനായി പരിശോധിക്കുവാൻ സാധിക്കും |
| ബി) മുദ്രപ്പത്രവിതരണത്തിലെ അപാകതകൾ ഒഴിവാക്കാൻ എന്തെല്ലാം സംവിധാനമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) 1) ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാൽ, തിരിമറികൾക്ക് സാധ്യതയില്ല.<br>2) സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തിരം ആയതിനാൽ, തിരുത്തലുകൾക്ക് സാധ്യതയില്ല. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വ്യക്തമാക്കാമോ ? | സി) കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി.) സാങ്കേതിക സഹായത്താൽ, രജിസ്ട്രേഷൻ, ട്രഷറി എന്നീ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ